**A**

# സമഗ്രശിക്ഷാ, കേരളം

**905**

**രണ്ടാം പാദവാർഷിക മൂല്യനിർണയം 2023 - 24**

## സാമൂഹ്യശാസ്ത്രം

ക്ലാസ് : IX

സമയം : $2^1/_2$ മണിക്കൂർ
ആകെ സ്കോർ : 80

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും വായിച്ചു മനസ്സിലാക്കിയതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** **(7 x 2 = 14)**

1. മംഗോളിയൻ സാമ്രാജ്യ സ്ഥാപകനാര് ? അദ്ദേഹം നടപ്പിലാക്കിയ തപാൽ സമ്പ്രദായത്തിന്റെ പേരെഴുതുക?

2. ചുവടെ നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് ഭൂരൂപത്തിന്റെയും രൂപീകരണ സഹായിയുടെയും പേരെഴുതുക.



ഭൂരൂപം - ബർക്കനുകൾ

രൂപീകരണ സഹായി - എ).......................



ഭൂരൂപം - ബി) .........................

രൂപീകരണ സഹായി - തിരമാല

3. മുഗൾകാലഘട്ടത്തിലെ കർഷക വിഭാഗമായ ഖുദ്-കഷ്തയുടെ സവിശേഷതകൾ എന്തെല്ലാം?

4. ഭൂഗർഭജലം സൃഷ്ടിക്കുന്ന ഏതെങ്കിലും രണ്ട് ഭൂരൂപങ്ങളുടെ പേരെഴുതുക.

5. ഗിൽഡുകൾ എന്നാലെന്ത്? ഉദാഹരണം എഴുതുക.

6. തിരമാലകളുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന പദങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു എന്ന് വ്യക്തമാക്കുക.

   എ) തിരാദൈർഘ്യം

   ബി) തിരാശിഖരം

7. മറാത്തഭരണത്തിന്റെ സവിശേഷതകൾ എഴുതുക.

8. ദ്വീപുകളും ഉപദ്വീപുകളും തമ്മിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

**9 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(6 x 3 = 18)**

9. ഇന്ത്യൻ ഭരണഘടനയുടെ ഏത് ഭാഗത്താണ് മൗലിക കർത്തവ്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നത് ? ഏതെങ്കിലും രണ്ട് മൗലിക കർത്തവ്യങ്ങൾ എഴുതുക.

10. വർഷണത്തിന്റെ വിവിധ രൂപങ്ങൾ ഏതെല്ലാം?

11. മധ്യകാലഘട്ടത്തിൽ ദക്ഷിണേന്ത്യയിലെ കാർഷികപുരോഗതിയെ സഹായിച്ച ഘടകങ്ങൾ എന്തെല്ലാം?

12. ഇന്ത്യയുടെ ദേശീയവരുമാനം കണക്കാക്കുന്നതിനുള്ള പ്രയാസങ്ങൾ എന്തെല്ലാം?

13. ദക്ഷിണേന്ത്യയിലെ ആദ്യകാല ഭക്തിപാരമ്പര്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

14. ഡയഗ്രം പൂർത്തിയാക്കുക.




15. ജനാധിപത്യത്തിൽ തിരഞ്ഞെടുപ്പിനുള്ള പ്രാധാന്യം വ്യക്തമാക്കുക.

**16 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം** **(9 x 4 = 36)**

16. ഇന്ത്യൻ ഭരണഘടനയിലെ നിർദേശകതത്ത്വങ്ങളുടെ പ്രാധാന്യം വിശദമാക്കുക. നിർദേശകതത്ത്വങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള മഹാത്മാഗാന്ധിയുടെ ആശയങ്ങൾ എഴുതുക.

17. സംയോജകസീമകളും വിയോജകസീമകളും താരതമ്യം ചെയ്യുക.

18. **'എ'** കോളത്തിനനുയോജ്യമായി **'ബി'** കോളം ക്രമപ്പെടുത്തി എഴുതുക.

| എ | ബി |
|---|---|
| പേഷ | മുഖ്യന്യായാധിപൻ |
| അമാത്യൻ | പ്രധാനമന്ത്രി |
| സചിവൻ | ധനകാര്യം |
| ന്യായാധ്യക്ഷൻ | രാജകീയ കത്തിടപാടുകൾ |

19. സിർക്കുകൾ, മൊറൈനുകൾ എന്നിവ താരതമ്യം ചെയ്യുക.

20. മധ്യകാല ഇന്ത്യൻ സമൂഹത്തിലെ സ്ത്രീകളുടെ പദവി വിശദമാക്കുക.

21. സുസ്ഥിരവികസനം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? സുസ്ഥിരവികസനത്തിന് വിഘാതമാകുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം?

22. മധ്യകാല ഇന്ത്യയിൽ കച്ചവടപുരോഗതിയ്ക്കായി ഭരണാധികാരികൾ വിവിധ നടപടികൾ സ്വീകരിച്ചു. പ്രസ്താവന സാധൂകരിക്കുക.

23. സമുദ്രങ്ങളുമായി ബന്ധപ്പെട്ട പട്ടിക ഉചിതമായി പൂർത്തിയാക്കുക.

| എ | ബി |
|---|---|
| എ) ദക്ഷിണസമുദ്രം | ........................................ |
| ബി) ഏറ്റവും ചെറിയ സമുദ്രം | ........................................ |
| സി) ഏറ്റവും വലിയ സമുദ്രം | ........................................ |
| ഡി) വാർട്ടൺ ഗർത്തം സ്ഥിതിചെയ്യുന്ന സമുദ്രം | ........................................ |

24. സാമ്പത്തികവളർച്ചയും സാമ്പത്തികവികസനവും തമ്മിലുള്ള വ്യത്യാസമെന്ത്?

25. വീരശൈവപ്രസ്ഥാനത്തിന് നേതൃത്വം വഹിച്ചതാര്? ഈ പ്രസ്ഥാനത്തിന്റെ ആശയങ്ങൾ എന്തെല്ലാം?

**26, 27 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 6 സ്കോർ വീതം. (2 x 6 = 12)**

26. എ) നദീമാർഗത്തെ മൂന്ന് ഘട്ടങ്ങളായി തിരിച്ച് സവിശേഷതകൾ വിശദമാക്കുക.

**അല്ലെങ്കിൽ**

ബി) വേലികളുടെ കാരണങ്ങളും ഫലങ്ങളും വിശദമാക്കുക.

27. എ) മധ്യകാല ഇന്ത്യയിൽ സുൽത്താന്മാർ നടപ്പിലാക്കിയ കേന്ദ്രീകൃത രാജഭരണത്തിന്റെ സവിശേഷതകൾ വിശദമാക്കുക.

**അല്ലെങ്കിൽ**

ബി) ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് കബീറും ഗുരുനാനാക്കും നൽകിയ സംഭാവനകൾ വിശദമാക്കുക.

exam WiNNER®